# ലെനിനും ഭാരതീയ സാഹിത്യവും

ഡോ: കെ. ഭാസ്കരൻ നായർ

''ലോകത്തിന്റെ എല്ലാഭാഗത്തുനിന്നു വരുന്ന കാററിനെയും ഞാൻ സ്വാഗതംചെയ്യും. പക്ഷെ, അവയൊന്നും ഞാൻ നിൽക്കുന്ന സ്ഥാനത്തുനിന്നു എന്നെ പറത്തിക്കൊണ്ടുപോകുവാൻ ഞാൻ അനുവദിക്കുകയില്ല''

1970 സെപ്റ്റംബർ മാസത്തിൽ ബാംഗ്ലൂരിൽവെച്ചു കേന്ദ്രസാഹിത്യഅക്കാദമിയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യക്കാരായ സാഹിത്യകാരന്മാരുടെ ഒരു സിംപോസിയം നടന്നു. 'ഭാരതീയ സാഹിത്യത്തിൽ ലെനിന്റെ അഭിപ്രസരം' എന്നതായിരുന്നു വിഷയം. കന്നടം, മലയാളം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളുടെ പ്രതിനിധികൾ [illegible] പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, അവയുടെ അടിസ്ഥാനത്തിൽ ചർച്ചകൾ നടക്കുകയുംചെയ്തു. തലേന്നാൾ സമ്മേളനം ഉദ്ഘാടനംചെയ്ത കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ഡോ: വി. കെ. ആർ. വി. റാവു ഒരു പ്രധാന സംഗതി ചൂണ്ടിക്കാണിക്കുകയുണ്ടായി. ലെനിനെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ ഉണ്ടായതുകൊണ്ടും ലെനിന്റെ കൃതികൾ തർജ്ജമചെയ്ത് പ്രസിദ്ധപ്പെടുത്തിയതുകൊണ്ടും നമ്മുടെ ഭാഷാസാഹിത്യങ്ങളിൽ മഹാനായ ആ ചരിത്രപുരുഷന്റെ അഭിപ്രസരം പ്രകടമായി എന്ന് കരുതുന്നത് ശരിയല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ലെനിൻ നയിച്ച മഹാ വിപ്ലവത്തിന്റെയും, തൽഫലമായുണ്ടായ പുതിയ സാമൂഹിക വ്യവസ്ഥിതിയുടെയും, ചൈതന്യം ആഗിരണംചെയ്ത ശ്രേഷ്ഠമായ സാഹിത്യ കൃതികൾ ഉണ്ടാകുന്നതിൽ മാത്രമേ അദ്ദേഹത്തിന്റെ അഭിപ്രസരം നമ്മുടെ സാഹിത്യത്തിൽ വ്യാപിച്ചു എന്ന പറയുന്നതിൽ അർത്ഥമുള്ളൂ.

പ്രബന്ധകാരന്മാർ—വിശേഷിച്ചും മലയാളത്തിന്റെയും തെലുങ്കിന്റെയും പ്രതിനിധികൾ—ലെനിന്റെ ആവിർഭാവത്തിനുശേഷമാണ് ദക്ഷിണേന്ത്യ സാഹിത്യത്തിൽ അസംതൃപ്തിയുടെയും പ്രതിഷേധത്തിന്റെയും ശബ്ദം മുഴങ്ങിത്തുടങ്ങിയതെന്ന് പ്രസ്താവിക്കുകയും അതുൾക്കൊണ്ട ആധുനിക കവികളെയും കഥാകൃത്തുക്കളെയും പ്രകീർത്തിക്കുകയുംചെയ്തു. ഈ പുതിയ സംഘത്തിലുള്ള സാഹിത്യത്തിന്റെ മാതൃകകൾ അവർ ഇംഗ്ലീഷിൽ തർജ്ജമചെയ്ത് ഉദ്ധരിക്കുകയുണ്ടായി. കവിതയുടെ കാര്യത്തിലെങ്കിലും ഇത് വ്യായാമമായെന്ന് എനിക്കു തോന്നി. സാമാന്യം കൊള്ളാവുന്ന മലയാളകവിതകൾ ഇംഗ്ലീഷിന്റെ വേഷമണിഞ്ഞു വന്നപ്പോൾ തികച്ചും നിർജ്ജീവമായിത്തീർന്നു. മററുഭാഷകളിലെ കവിതകൾക്കും ഈ ഭാഗ്യദോഷം സംഭവിച്ചിരിക്കണമെന്നത് തീർച്ചയാണ്. തമിഴ് കവിതയിൽനിന്ന് വിപ്ലവാവേശത്തിന്റെ ഏററവും വലിയ ഉദാഹരണമായി എടുത്തു കാണിച്ചത് സുബ്രഹ്മണ്യഭാരതി ലെനിനെ പ്രശംസിച്ചെഴുതിയ ഒരു പദ്യശകലമാണ്. തെലുങ്കു കവിതയെപ്പററി പ്രബന്ധം അവതരിപ്പിച്ച ''ശ്രീ. ശ്രീ'' എന്ന കവി, അവരുടെ സാഹിത്യത്തിലുണ്ടായ ദിഗംബര പ്രസ്ഥാനക്കാരെപ്പററി സംസാരിച്ച സന്ദർഭത്തിൽ അവരുടെ അശ്ലീലം വിളിച്ചുപറഞ്ഞു. സ്ത്രീകളും സന്നിഹിതരായിരുന്ന ആ ചെറിയ സദസ്സിൽ ഇങ്ങിനെ പെരുമാറിയ ആ മനുഷ്യനെ ശാസിക്കുവാൻ അദ്ധ്യക്ഷൻ സന്നദ്ധനായില്ല. ശ്രോതാക്കളിൽ ഒരാളായിരുന്ന ഞാൻ ചെവി പൊത്തിപ്പിടിച്ച് എന്റെ പ്രതിഷേധം പ്രകടിപ്പിച്ചു.

റഷ്യയിൽനിന്നു പുറപ്പെട്ട വിപ്ലവസന്ദേശം വരുന്നതിനുമുമ്പ് ഭാരതീയ സാഹിത്യം മരിച്ചു കിടക്കുകയായിരുന്നു എന്നും, ഇവിടെങ്ങും പ്രതിഷേധത്തിന്റെയോ വെല്ലുവിളിയുടെയോ ആവേശത്തിന്റെയോ ശബ്ദം കേട്ടിരുന്നില്ലെന്നും ഉള്ള പല്ലവി പലവരും ആവർത്തിച്ചത് പരമ ദ്രോഹമായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്. നമ്മുടെ പൂർവ്വകവികൾ അന്തസ്സോ ആത്മാഭിമാനമോ സമസൃഷ്ടിസ്നേഹമോ ധീരതയോ ഇല്ലാത്തവരായിരുന്നു എന്നാണ് ഏററുപാടിയവർ ധ്വനിപ്പിക്കുവാൻ ശ്രമിച്ചത്. തീരെ സഹിക്കവയ്യാതെ അദ്ധ്യക്ഷനോട്, രണ്ടുവാക്ക് സംസാരിക്കാൻ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചു. അദ്ദേഹം സന്തോഷപൂർവ്വം അനുവദിച്ചു. കിട്ടിയ സമയത്തിനുള്ളിൽ ഞാൻ ഇത്രയുംപറഞ്ഞു:

''മററു ഭാഷകളിലെ സ്ഥിതി എനിക്ക് നിശ്ചയമില്ല. പക്ഷെ എന്റെ ഭാഷയായ മലയാളത്തിൽ, അനീതിയുടെനേർക്കുള്ള പ്രതിഷേധവും സാമൂഹികമായ അസമത്വങ്ങളെ ധിക്കരിക്കുന്നതിനുള്ള ആവേശവും ഇരുപതാം നൂററാണ്ടിൽ ലെനിന്റെ ആവിർഭാവത്തിനുശേഷം റഷ്യയിൽനിന്ന് ഇറക്കുമതിചെയ്ത നൂതനമായ സാഹിത്യ മൂല്യങ്ങളാണെന്ന പറയുന്നത് കഷ്ടമാണ്. ലെനിൻ മഹാനാണ്; വമ്പിച്ച ജനസമുദായങ്ങളെ എത്രയോ നൂററാണ്ടുകളിലെ കൂരിരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് നയിച്ച യുഗപ്രഭാവനാണ്. അദ്ദേഹത്തെ ഞാൻ അങ്ങേയററം ബഹുമാനിക്കുന്നു. പക്ഷെ, ഈ മഹാപുരുഷൻ ലോകചരിത്രത്തിന്റെ അരങ്ങത്ത് പ്രത്യക്ഷപ്പെടുന്നതിന് ഇരുനൂറുകൊല്ലം മുമ്പ് ഞങ്ങളുടെ ഒരു കവി, ജന്മംകൊണ്ട് അമ്പലവാസിയായിരുന്നെങ്കിലും, കവന കർമ്മത്തിന്റെ സഫലീകരണത്തിനുവേണ്ടി പറയന്റെ വേഷം സ്വീകരിച്ച്, [illegible] യാഥാസ്ഥിതികത്വത്തിന്റെയും ബ്രാഹ്മണമേധാവിത്വത്തിന്റെയും അവർ ജനിപ്പിച്ച ഭയാനകമായ അസഹിഷ്ണുതയുടെയും സിരാകേന്ദ്രമായിരുന്ന കേരളീയ ക്ഷേത്രങ്ങളിലെ മുററത്തിൽ കയറിനിന്ന് തന്റെ കവിതയുടെ ഗംഭീര സ്വരങ്ങളിൽ [illegible] ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങളെ ധിക്കരിച്ചു.

കല്ലിനും ജാതിഭേദത്തിന്നുമില്ല
നിരൂപിച്ചാൽ;
ഏവരുമുള്ള ശരീരംകൊണ്ടൊക്കവേ
പാർത്തു കാണുന്നതും
ജീവനായിട്ടൊന്നുതന്നെ
ആയതിപ്പോൾ പറഞ്ഞീടാം.
ആലുകൊണ്ടു പിടിപ്പോരു ചാടിൽ
പൊയ്യണിക്കൊറ്റു
ഭോജ്യമാക്കി മനികന്മാർ
ധരിക്കുന്ന ഗന്ധം തന്നിട്ട്
ഇല്ലാതെകൊണ്ടും മാലകൊണ്ടും
പാവിൻ കൊണ്ടുണ്ടാക്കും
പുത്തിലത്താലിയൊന്നുകൊണ്ടും
കന്നികൊണ്ടും മൊട്ടുവാൾ
എന്നിവറ്റിൽ സ്വസ്തിയായ്ക്കാൺ
പെട്ടാൽ ചാരമായി—
ട്ടൊന്നുതന്നെ പൊന്നിനെക്കുന്നി
ക്കൊടി മാലയും
എന്നപോലെ സർവ്വാംതി പ്രകൃതം
ഭൗതികം ദേഹം
ഒന്നുകൊണ്ടു പൊററിക്കെട്ടി
കെട്ടിപ്പിടിക്കുന്നിതു ദൈവം
എന്നതു മൂല മാറാവി
നാൾക്കുനാൾ ഭേദമില്ല
ഒന്നുതന്നെ ചാട്ടയിൽ



Digitized by Kerala Sahitya Akademi

ഭൂസ്വത്തും പറയുന്നു. (ഈ വരികൾ മലയാളത്തിൽ തന്നെ ചൊല്ലി അർത്ഥവും പറഞ്ഞു മനോഹരമായ കവിതയും ശക്തിയേറിയ പ്രതിഷേധവും ഇത്തരം സമ്മേളിച്ച സാഹിത്യം പിൽക്കാലത്തെങ്ങും മലയാളത്തിലുണ്ടായിട്ടില്ല. ഈ കവിവാക്യങ്ങൾ ഉദ്ധരിച്ച പുറപ്പാടുകൾ ഓർത്തുനോക്കണം. ഇന്ന് സാമൂഹികനീതിയുടെപേരിൽ ലോകത്തിനു തീകൊളുത്തുവാൻ വെമ്പുന്ന ഏതു കവിക്കോ കഥാകൃത്തിനോ ഇത്തരത്തിലുള്ള പ്രതിഷേധം പ്രഖ്യാപിക്കുവാൻ ധൈര്യമുണ്ടാകുമെന്ന് ഞാൻ ചോദിക്കുന്നു. 'അടിപ്പുരത്തെപ്പൂട്ടിൽ' പൂഴ്ത്തിവെച്ചിരിപ്പവർക്ക്' വേണ്ടി നക്കാപ്പിച്ചയും പൊഴിക്കയും രസമോ സന്ദേശമോ ഇല്ലാത്ത പുത്തൻ സാഹിത്യം അച്ചടിച്ചു വിടുകയല്ലാതെ എന്താണ് ഇന്നുള്ളവർ ചെയ്യുന്നത്? നാം ചരിത്രസത്യങ്ങൾ മറക്കരുത്. സാഹിത്യത്തിന്റെ സാരസർവസ്വം എന്തെന്നുള്ള മഹാസത്യവും മറക്കരുത്. ശ്രേഷ്ഠമായ സാഹിത്യം ഒരിക്കലും രാഷ്ട്രീയക്കാർക്ക് വിടുവേല ചെയ്തിട്ടില്ല. നമ്മുടെ രാജ്യത്തെങ്കിലും ചെയ്യാൻ അനുവദിക്കുകയും അരുത്.''

നമുക്ക് ലജ്ജിക്കത്തക്ക പൂർവ്വപാരമ്പര്യങ്ങളേയുള്ളൂ എന്ന് അനാദരസിദ്ധമായി ധരിച്ചുവെച്ചിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്നത്തെ ഭാരതീയൻ ജീവിക്കുന്നത്. സ്വന്തം സംസ്കാരത്തിൽ അഭിമാനമില്ലാത്ത ജനങ്ങൾ എത്രവലിയ പുരോഗമനവാദം പുറപ്പെടുവിച്ചാലും മറ്റുള്ളവരുടെ ആക്ഷേപ പാത്രങ്ങളായി തീരുമെന്നുള്ളത് തീർച്ചയാണ്. അവർ വേറെ എന്തൊക്കെ നേടിയാലും മഹത്വമുള്ള സാഹിത്യം സൃഷ്ടിക്കുകയില്ല. ഇതിന്റെ അർത്ഥം നാം പുതിയ ആശയങ്ങൾ സ്വീകരിക്കരുത് എന്നല്ല. വിവേകത്തോടും സ്വാതന്ത്ര്യബുദ്ധിയോടും ഉപയോഗിച്ച് സംസ്കാരസേവനം നിർവ്വഹിക്കണമെന്നാണ്; മറ്റുപലതിലുമെന്നപോലെ ഈക്കാര്യത്തിലും ഗാന്ധിജിയുടെ മാർഗ്ഗനിർദ്ദേശമാണ് നാം സ്വീകരിക്കേണ്ടത്. ''ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും വരുന്ന കാററിനേയും ഞാൻ സ്വാഗതം ചെയ്യും. പക്ഷെ അവയൊന്നും ഞാൻ നില്ക്കുന്ന സ്ഥാനത്തുനിന്ന് എന്നെ പറത്തിക്കൊണ്ടുപോകുവാൻ ഞാൻ അനുവദിക്കയില്ല.''


## വാഹന ഉടമകളുടെ ശ്രദ്ധയ്ക്ക്!

ഫയർ സ്റ്റോൺ, ഗുഡ്ഇയർ, സിയററ്, ഇൻചെക്ക്
എന്നീ കമ്പനിക്കാരുടെ എല്ലാവിധ ടയറുകളും
ടയർ റീട്രെഡ് ചെയ്യുവാൻ ഉപയോഗിക്കുന്ന റബ്ബറും
ഗാരണ്ടിയോടുകൂടി വിററുവരുന്ന കേരളത്തിലെ ഏകസ്ഥാപനം !!

കൂടാതെ,

റബ്ബർ സീൽ നിർമ്മാതാക്കൾക്കാവശ്യമായ
'സീൽ ഹെൻറിൽ', 'പ്ലാസ്റ്റർ ആഫ് പാരീസ്', 'സീൽ റബ്ബർ', സീൽ കുഷൻ
എന്നിവയും മിതമായ നിരക്കിൽ ഞങ്ങൾ വിററുവരുന്നു.

ഓർമ്മിക്കുക!

# ഇന്ത്യാ ടയർ ആൻറ് റബ്ബർ സപ്ലയേർസ്

കോർട്ട് റോഡ്

കോഴിക്കോട്-1

ഫോൺ—5874.



# അമൃതബിന്ദുക്കൾ

## ശ്രീ. എം. പി. അപ്പന്റെ ഏററവും പുതിയകൃതി.

പത്രലോകം മുക്തകണ്ഠം അഭിനന്ദിച്ച
ഭാവഗീതങ്ങളുടെ സമാഹാരം.

ആകർഷകമായ പുറംചട്ട. വില: രൂപാ. ഒന്നര.

ആവശ്യപ്പെടുക:— നാഷണൽബുക്ക്സ്റ്റാൾ, കോട്ടയം.


Digitized by Kerala Sahitya Akademi